# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 168 — 28.05.2019 ലെ മറുപടിയ്ക്ക്

### നഗരങ്ങളിലെ ഗതാഗതക്കുരുക്ക്

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ചെറുതും വലുതുമായ ടൗണുകളിൽ അനുഭവപ്പെട്ടുവരുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പോലീസിനെ നിയോഗിച്ച് ആവശ്യം വേണ്ട ട്രാഫിക് പരിഷ്കാരങ്ങളിലൂടെയും ഗതാഗത നിയന്ത്രണത്തിലൂടെയും ഗതാഗതക്കുരുക്ക് പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ പട്ടണങ്ങളിലും ഗതാഗത നിയന്ത്രണത്തിലൂടെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിന്റെ ഭാഗമായി നാറ്റ്പാക്കിനെ കൊണ്ട് പഠനം നടത്തിയശേഷം സിഗ്നൽ ലൈറ്റുകൾ ആവശ്യമാണെങ്കിൽ അത്തരം പ്രദേശങ്ങളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ടൗണുകളിൽ അനുഭവപ്പെട്ടു വരുന്ന ഗതാഗതക്കുരുക്കിനെപ്പറ്റി പഠനം നടത്തുവാൻ റെയിൽ ഇന്ത്യാ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസ് പോലെയുള്ള ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഗതാഗതക്കുരുക്ക് രൂക്ഷമായ സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പോലീസിനെ നിയോഗിച്ച്, ആവശ്യം വേണ്ട ട്രാഫിക് പരിഷ്കാരങ്ങളിലൂടെയും ഗതാഗത നിയന്ത്രണത്തിലൂടെയും ഗതാഗതക്കുരുക്ക് പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഗതാഗത ക്കുരുക്ക് നേരിടുന്ന എല്ലാ ടൗണുകളെപ്പറ്റിയും ഘട്ടം ഘട്ടമായി പഠനം നടത്തുവാനും ഇതിന് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | കേരളത്തിലെ എല്ലാ പട്ടണങ്ങളിലും ഗതാഗത നിയന്ത്രണത്തിലൂടെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിന്റെ ഭാഗമായി നാറ്റ്പാക്കിനെ കൊണ്ട് പഠനം നടത്തിയശേഷം സിഗ്നൽ ലൈറ്റുകൾ ആവശ്യമാണെങ്കിൽ അത്തരം പ്രദേശങ്ങളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. കൂടുതൽ പോലീസുകാരെ നിയോഗിക്കുക, സിഗ്നൽ ലൈറ്റ് സ്ഥാപിക്കുക, ക്യാമറകൾ സ്ഥാപിക്കുക തുടങ്ങി അത്യാധുനിക സാങ്കേതിക വിദ്യ പരമാവധി ഉപയോഗിച്ച് ഗതാഗതക്കുരുക്കിനു പരിഹാരം കാണുന്നതിലേക്ക് പരമാവധി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഗതാഗതക്കുരുക്ക് രൂക്ഷ-മായിരിക്കുന്ന ചെങ്ങന്നൂർ, മൂവാറ്റുപുഴ, ഏറ്റുമാനൂർ തുടങ്ങിയ സ്ഥലങ്ങളിലും നാഷണൽ ഹൈവേയിലെ മറ്റ് സ്ഥലങ്ങളിലും ആവശ്യമായ പഠനം നടത്തി മുൻഗണനാക്രമം നിശ്ചയിച്ച് പരിഹാര മാർഗ്ഗങ്ങൾ കാണുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ഗതാഗതക്കുരുക്കും, അപകടങ്ങളും കുറച്ചുകൊണ്ടു വരുന്നതിനായി മൂവാറ്റുപുഴ അടക്കമുള്ള സ്ഥലങ്ങളിൽ ട്രാഫിക് ബോധവത്കരണ ക്ലാസുകളും നിർദ്ദിഷ്ട സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുകയും സീബ്രാ ലൈനുകൾ മാർക്ക് ചെയ്യുകയും, ആവശ്യമായ റിഫ്ളക്ട് ലൈറ്റുകൾ, കോൺവെക്സ് ലെൻസുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അനാവശ്യമായി റോഡുകളിൽ പാർക്കിംഗ് നടത്തി ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്ന വാഹനങ്ങളെ നീക്കം ചെയ്ത് നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഗതാഗതക്കുരുക്ക് രൂക്ഷമായി അനുഭവപ്പെടുന്ന മൂവാറ്റുപുഴ പോലുള്ള സ്ഥലങ്ങളിൽ കൂടുതൽ പോലീസുകാരെ ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ഹൈവേ പോലീസിന്റെ സേവനം ഗതാഗതക്കുരുക്ക് കൂടുതൽ |

| | | | |
|---|---|---|---|
| | | | ഉള്ള സ്ഥലങ്ങളിൽ സന്ദർഭോചിതമായി ഉപയോഗപ്പെടുത്തുന്നു.<br><br>ഏറ്റുമാനൂരിൽ നിലവിലുള്ള ട്രാഫിക് സംവിധാനം പരിഷ്കരിച്ച് പുതിയ ട്രാഫിക് പരിഷ്കാരങ്ങൾ നടപ്പിലാക്കി വരുന്നു. ഇത് ഏറ്റുമാനൂർ ടൗണിലേയും മറ്റും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സഹായകരമാണ്. |

**സെക്ഷൻ ഓഫീസർ**